## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3714

17.12.2015-ൽ മറുപടിക്ക്.

## എഴുകോൺ പോലീസ് സ്റ്റേഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. പി. അയിഷാ പോറ്റി | ...രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം റൂറൽ ജില്ലയിൽപ്പെടുന്ന എഴുകോൺ പോലീസ് സ്റ്റേഷൻ എത്ര വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു; | : (എ) എഴുകോൺ പോലീസ് സ്റ്റേഷൻ 01.08.1988 മുതൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത് |
| (ബി) പ്രസ്തുത സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ ഭൂമി അനുവദിച്ചു ഉത്തരവായതെന്നാണ്; | (ബി) സർക്കാർ ഉത്തരവ് (സാധാ) 238/2014/റവന്യൂ തീയതി 04.06.2014 പ്രകാരമാണ് ടി പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ ഭൂമി അനുവദിച്ചത്. |
| (സി) പ്രസ്തുത സ്റ്റേഷന് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കൊട്ടാരക്കര എം.എൽ.എ നൽകിയ കത്ത് ബഹു. ആഭ്യന്തര മന്ത്രിയുടെ ശിപാർശ സഹിതം പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ അധികാരികൾക്ക് ലഭിച്ചത് എന്നാണ്; | (സി) ബഹു. കൊട്ടാരക്കര എം.എൽ.എയുടെ കത്ത് 27.06.2014-ൽ കെ.പി.എച്ച്.സിസിയ്ക്ക് ലഭിച്ചു. |
| (ഡി) പ്രസ്തുത കെട്ടിടനിർമ്മാണത്തിനായി സ്വീകരിച്ച നടപടികളും നിലവിലെ സ്ഥിതിയും വിശദമാക്കുമോ? | (ഡി) MoPF 2014-15 (സെൻട്രൽ ഷെയർ)ൽ ഉൾപ്പെടുത്തി 49 ലക്ഷം രൂപ ചെലവിൽ കൊല്ലം റൂറൽ ജില്ലയിലെ എഴുകോൺ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിനായുള്ള തുക കെ.പി.എച്ച്.സി.സിയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ